REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-08-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഖേലോ ഇന്ത്യ സംവാദത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വിഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യും.**
- **നേപ്പാളിൽ ഇന്നലെയുണ്ടായ ശക്തമായ മിന്നൽ പ്രളയത്തിൽ നൂറിലേറെ ഇന്ത്യക്കാർ ഉൾപ്പെടെ അഞ്ഞൂറോളം പേരെ കാണാതായതായി റിപ്പോർട്ട്.**
- **അന്തരിച്ച മുൻ IAS ഉദ്യോഗസ്ഥനും അഡീഷനൽ ചീഫ് സെക്രട്ടറിയുമായ PH കുര്യന്റെ സംസ്കാരം മറ്റന്നാൾ.**
- **സംസ്ഥാനത്ത് ഓണം വാരാഘോഷത്തിന്റെ ഭാഗമായി കലാ-സാംസ്കാരിക പരിപാടികൾ പുരോഗമിക്കുന്നു.**
- **തിരുവനന്തപുരത്ത് KCL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

ഖേലോ ഇന്ത്യ സംവാദത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വിഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യും. 2026-ലെ ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി മേരാ യുവ ഭാരത് ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്...

---------------(വോയ്സ്)--------

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഓരോ ജില്ലയിൽനിന്നും രണ്ടുവീതം കോളേജുകളിലെ യുവജനങ്ങളാണ് രാജ്യവ്യാപക പരിപാടിയുടെ ഭാഗമാകുന്നത്. കായികമേഖല, യുവനേതൃത്വം, പൗര ഉത്തരവാദിത്തം, സന്നദ്ധസേവനം, ഫിറ്റ്നസ്, രാഷ്ട്രനിർമാണം തുടങ്ങി വിവിധ തലങ്ങളിലൂന്നിയാണ് പരിപാടി. രാജ്യത്തെ കായികമേഖലയുമായി ബന്ധപ്പെട്ട തുടർച്ചയായ ചർച്ചകളിൽ യുവജനങ്ങളെ ഭാഗമാക്കുന്നതിനൊപ്പം, കായിക ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ പരിപാടി യുവാക്കൾക്ക് നേരിട്ട് വേദിയൊരുക്കും.

കായികമേഖലയിൽ തൽപരരായ യുവാക്കളും മുൻനിര ഇന്ത്യൻ കായികതാരങ്ങളും മെഡൽ ജേതാക്കളും തമ്മിലെ ആശയവിനിമയമാണ് സംരംഭത്തിന്റെ പ്രധാന സവിശേഷത. പങ്കെടുക്കുന്നവർക്ക് സ്വന്തം ആശയങ്ങൾ, കാഴ്ചപ്പാടുകൾ, അഭിലാഷങ്ങൾ എന്നിവ പങ്കിടാൻ യുവ സംവാദ് അവസരമൊരുക്കും. സ്പോർട്സ്, ഒളിമ്പിക് ലക്ഷ്യങ്ങൾ, യുവ നേതൃത്വം, വികസിത് ഭാരത്, നശാമുക്ത് യുവ എന്നീ അഞ്ച് വിഷയങ്ങളിലൂന്നിയാണ് സംവാദം.

രാജ്യത്ത് കായികക്ഷമതയും അച്ചടക്കവും ഉറപ്പാക്കി യുവാക്കളുടെ അഭിലാഷങ്ങൾ ദേശീയ വികസന അജണ്ടയുടെ കേന്ദ്രബിന്ദുവാക്കുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഖേലോ ഇന്ത്യ സംവാദം സംഘടിപ്പിക്കുന്നത്.

✪✪✪

നേപ്പാളിൽ ഇന്നലെയുണ്ടായ ശക്തമായ മിന്നൽ പ്രളയത്തിൽ നൂറിലേറെ ഇന്ത്യക്കാർ ഉൾപ്പെടെ അഞ്ഞൂറോളം പേരെ കാണാതായതായി റിപ്പോർട്ട്. ടിബറ്റ് അതിർത്തിക്ക് സമീപം റാസുവ മേഖലയിൽ ഭോട്ടെ കോഷി നദിയിലാണ് മിന്നൽ പ്രളയമുണ്ടായത്.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ.

----------- (വോയ്സ്) ------------

ദുരന്ത ബാധിത മേഖലകളിൽനിന്ന് ഇതുവരെ 46 മൃതദേഹങ്ങൾ കണ്ടെടുത്തതായി സുരക്ഷാ ഉദ്യോഗസ്ഥർ അറിയിച്ചു. 93 പേരെ രക്ഷപ്പെടുത്താനായി.

കാണാതായവരിൽ 105 ഇന്ത്യക്കാരും 37 പ്രവാസി ഇന്ത്യക്കാരും ഉൾപ്പെടുന്നതായാണ് വിവരം. ഇവരിൽ ഭൂരിഭാഗം പേരും ടിബറ്റിലെ കൈലാഷ് മാനസസരോവർ തീർത്ഥാടകരായിരുന്നുവെന്നും അധികൃതർ അറിയിച്ചു.

ദുരന്ത സാഹചര്യത്തിൽ ബീഹാർ, ഉത്തർപ്രദേശ് മുഖ്യമന്ത്രിമാരുമായി ആഭ്യന്തരമന്ത്രി അമിത് ഷാ സംസാരിച്ചു. അതിർത്തി മേഖലകളിൽ പ്രാദേശിക ഭരണകൂടങ്ങൾക്കും ദുരിതാശ്വാസ-രക്ഷാ സംഘങ്ങൾക്കുമൊപ്പം NDRF നെ നിയോഗിച്ചതായി അമിതാ ഷാ അറിയിച്ചു.

വിദേശ വിനോദസഞ്ചാരികളും നേപ്പാൾ പൗരന്മാരും കാണാതായവരിലുണ്ട്. ബ്രിട്ടൻ, ഓസ്ട്രേലിയ, യുഎസ്, മലേഷ്യ, ദക്ഷിണാഫ്രിക്ക, നെതർലാൻഡ്സ് തുടങ്ങിയ വിവിധ രാജ്യക്കാരാണ് കാണാതായ വിദേശികൾ. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ സംസ്ഥാന ഗവൺമെന്റ് സാഹചര്യം നിരീക്ഷിച്ചു വരികയാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. വിനോദ സഞ്ചാരത്തിനായി നേപ്പാളിലെത്തിയ മലയാളികളെ ബന്ധപ്പെടാൻ കുടുംബാംഗങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടാനും നിർദേശമുണ്ട്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരളീയർക്ക് അടിയന്തര സഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു. ടോൾ ഫ്രീ നമ്പറായ 1800-425-3939, വിദേശത്തുനിന്ന് മിസ്ഡ് കോളായി +91-880-201-2345 നമ്പറുകളിൽ ബന്ധപ്പെടാം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഡൽഹി N.R.K വികസന ഓഫീസറെ ചുമതലപ്പെടുത്തി.

നേപ്പാൾ പ്രളയവുമായി ബന്ധപ്പെട്ട് ഇന്ത്യൻ എംബസിയും ഹെൽപ്പ് ഡെസ്ക് തുടങ്ങി. +977-985-131-6807, +977-970-910-7500 എന്നീ നമ്പറുകളിൽ സഹായത്തിന് ബന്ധപ്പെടാം.

ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നേപ്പാൾ ഗവൺമെന്റുമായി നിരന്തര സമ്പർക്കം പുലർത്തുന്നുണ്ടെന്ന് ഇന്ത്യൻ എംബസി അറിയിച്ചു.

✪✪✪

വെള്ളപ്പൊക്ക ദുരന്തം വിതച്ച നേപ്പാളിന് സഹായവും ഐക്യദാർഢ്യവും പ്രഖ്യാപിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിച്ച് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ. ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്താനും സഹായ വാഗ്ദാനം നൽകാനും മോദി നേരിട്ട് വിളിച്ചതിൽ സന്തോഷമുണ്ടെന്നും

ഇരുരാജ്യങ്ങളും തമ്മിലെ ശക്തമായ സൗഹൃദത്തിന്റെ തെളിവാണ് നിലപാടെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

വരും മാസങ്ങളിൽ സവാളയുടെ മതിയായ ലഭ്യത ഉറപ്പാക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും കേന്ദ്ര ഗവൺമെന്റ്  നടപടി തുടങ്ങി. കരുതൽ ശേഖരത്തിൽ നിന്ന് ഘട്ടംഘട്ടമായി കൃത്യമായ ആസൂത്രണത്തോടെ സവാള വിപണിയിലിറക്കുന്ന നടപടികളാണ് ആരംഭിച്ചത്.

2025-26 വർഷത്തെ സവാള ഉല്പാദനം 307 ലക്ഷം മെട്രിക് ടണ്ണിലധികം വരുമെന്ന് കണക്കാക്കുന്ന സാഹചര്യത്തിൽ, വരും മാസങ്ങളിലെ ആഭ്യന്തര ആവശ്യകതയ്ക്ക് സവാള ലഭ്യമാണെന്ന് ഉപഭോക്തൃകാര്യ ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

നാഫെഡ്, NCCF അടക്കം വിവിധ ഗവൺമെന്റ് ഔട്ട്‌ലെറ്റുകളിലൂടെ കിലോയ്ക്ക് 35 രൂപ നിരക്കിൽ സവാള വിൽക്കുമെന്ന് മന്ത്രാലയം അറിയിച്ചു. ഇതിനായി കേരളമടക്കം, രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിലേക്ക് റോഡ് മാർഗം സവാള എത്തിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

P.H കുര്യന്റെ വിയോഗത്തിൽ മുഖ്യമന്ത്രി VD സതീശനും പ്രതിപക്ഷനേതാവ് പിണറായി വിജയനും അനുശോചിച്ചു.

ജനപക്ഷത്ത് ഉറച്ചുനിന്ന് സാധാരണക്കാരുടെ ക്ഷേമത്തിന് അധികാരം എങ്ങനെ വിനിയോഗിക്കണമെന്ന് തെളിയിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥനായിരുന്നു P.H കുര്യനെന്ന് VD സതീശൻ പറഞ്ഞു. ഉന്നത പദവികൾ വഹിക്കുമ്പോഴും വ്യക്തി ബന്ധങ്ങൾ കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന് നികത്താനാകാത്ത നഷ്ടമാണെന്നും മുഖ്യമന്ത്രി അനുശോചിച്ചു.

കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി പ്രതിപക്ഷനേതാവ് പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഭരണ നിർവഹണത്തിലും IT, വ്യവസായ നയരൂപീകരണങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ ഏറെ ശ്രദ്ധേയമാണെന്നും പിണറായി വിജയൻ അനുസ്മരിച്ചു.

✪✪✪

P.H കുര്യന്റെ വിയോഗത്തിൽ മുഖ്യമന്ത്രി VD സതീശനും പ്രതിപക്ഷനേതാവ് പിണറായി വിജയനും അനുശോചിച്ചു.

ജനപക്ഷത്ത് ഉറച്ചുനിന്ന് സാധാരണക്കാരുടെ ക്ഷേമത്തിന് അധികാരം എങ്ങനെ വിനിയോഗിക്കണമെന്ന് തെളിയിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥനായിരുന്നു P.H കുര്യനെന്ന് VD സതീശൻ പറഞ്ഞു. ഉന്നത പദവികൾ വഹിക്കുമ്പോഴും വ്യക്തി ബന്ധങ്ങൾ കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന് നികത്താനാകാത്ത നഷ്ടമാണെന്നും മുഖ്യമന്ത്രി അനുശോചിച്ചു.

കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി പ്രതിപക്ഷനേതാവ് പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഭരണ നിർവഹണത്തിലും IT, വ്യവസായ നയരൂപീകരണങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ ഏറെ ശ്രദ്ധേയമാണെന്നും പിണറായി വിജയൻ അനുസ്മരിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാതി'ന്റെ 137-ാം പതിപ്പ് ഈ മാസം 30-ന്. ആശയങ്ങളും നിർദേശങ്ങളും നമോ App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

ഓണാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്ന് കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ സംഘടിപ്പിച്ചുവരുന്ന ഓണാഘോഷ പരിപാടികൾ ശ്രദ്ധേയമാകുന്നു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...

.......(വോയ്സ്)..................

✪✪✪

മലപ്പുറം കോട്ടക്കുന്നിലെ ഓണാഘോഷ പരിപാടികൾക്ക് തുടക്കമായി. കോട്ടക്കുന്ന് ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ മന്ത്രി P.K.കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. കലാ-സാംസ്കാരിക പരിപാടികൾ ഞായറാഴ്ച സമാപിക്കും.

✪✪✪

മലപ്പുറം പൊന്നാനി താലൂക്ക് ഓണം ടൂറിസം വാരാഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ബിയ്യം കായൽ ജലോത്സവം ഇന്ന് ഉച്ചയ്ക്ക് നടത്തും. മന്ത്രി A.P.അനിൽകുമാർ ജലോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായി വൈകിട്ട്, ബീച്ച് ഫ്രീഡം സ്ക്വയർ, ഓപ്പൺ സ്റ്റേജിൽ, ഹരിശങ്കർ & ടീമിന്റെ ഓർക്കസ്ട്രയും ബിജുല ബാലകൃഷ്ണന്റെ കുച്ചിപ്പുടിയും അരങ്ങേറും. ഭട്ട് റോഡ് ബീച്ചിൽ M.S ബാബുരാജ് മെഹ്ഫിൽ, നാട്ടുവെളിച്ചം ഗാനമേള എന്നിവയാണ് ഇന്നത്തെ പരിപാടികൾ.

✪✪✪

തിരുവനന്തപുരത്ത് KCL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് കൊല്ലം സെയിലേഴ്സ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെയും, വൈകിട്ട് 6:45 ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, ട്രിവാൻഡ്രം റോയൽസിനെയും നേരിടും.

✪✪✪

അപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന പ്രമുഖ സാഹിത്യകാരൻ കണ്ണൂരിലെ T.K.D മുഴപ്പിലങ്ങാട് നിര്യാതനായി. 80 വയസ്സായിരുന്നു. കഴിഞ്ഞാഴ്ച മുഴപ്പിലങ്ങാട്ട്, റോഡ് മുറിച്ചു കടക്കുന്നതിനിടെ വാഹനമിടിച്ചാണ് പരിക്കേറ്റത്. ഇന്ന് പുലർച്ചെ കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു അന്ത്യം.

നോവൽ, കഥ, കവിത, ബാലസാഹിത്യം, നാടകം തുടങ്ങി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തിയാണ് T.K ദാമോദരൻ എന്ന T.K.D മുഴപ്പിലങ്ങാട്.

✪✪✪

ശ്രീനാരായണഗുരു ജയന്തി ആഘോഷങ്ങളുടെ ഒരുക്കങ്ങൾ ശിവഗിരിയിൽ പൂർത്തിയായി. ജയന്തിദിന സമ്മേളനം നാളെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : AV ഫർദിസ്*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: ഹബീബ് റഹ്മാൻ, അൻഷ കരീം*
*DEO : ഷീബ*